പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2740 **28-10-2026-ൽ മറുപടിയ്ക്ക്**

ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനുള്ള തുക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജലജീവൻ മിഷന്റെ കാലാവധി 2028 ഡിസംബർ വരെ നീട്ടിയ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ജില്ല തിരിച്ച് പൂർത്തിയാക്കേണ്ട പ്രവൃത്തികൾ, ആവശ്യമായ സാമ്പത്തിക വിഹിതം, സമയക്രമം എന്നിവ നിശ്ചയിച്ചിട്ടുണ്ടോ;

മറുപടി: ജലജീവൻ മിഷൻ പദ്ധതിയുടെ കാലാവധി ജെ.ജെ.എം 2.0 (JJM 2.0) പ്രകാരം 2028 ഡിസംബർ വരെ കേന്ദ്രസർക്കാർ ദീർഘിപ്പിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർമ്മിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന കാര്യങ്ങൾക്ക് മുൻഗണന നൽകിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

- നിലവിൽ പൂർത്തിയാക്കിയ പ്രവർത്തികളിൽ നിന്ന് പരമാവധി കണക്ഷനുകൾ ഉറപ്പാക്കുക.
- പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി എല്ലാ കണക്ഷനുകളും പ്രവർത്തനക്ഷമമാക്കുക.
- പരമാവധി കണക്ഷനുകൾ നൽകാനും പരമാവധി വരുമാനം സൃഷ്ടിക്കാനും കഴിയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുക.
- ഫീൽഡിലെ അവസ്ഥയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മുൻഗണനാ ക്രമങ്ങൾ പരിഷ്കരിച്ച് മുന്നോട്ട് പോകൽ.

ജൽ ജീവൻ മിഷൻ പൂർണമായി നടപ്പിലാക്കുന്നതിന് ആകെ ഭരണാനുമതി തുകയായ 44,714.79 കോടി രൂപ ലഭ്യമായതിൽ ജില്ല തിരിച്ച് പൂർത്തിയാക്കേണ്ട വർക്ക് പാക്കേജുകളുടെ പുരോഗതി അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. ഇതുവരെ

ചിലവഴിച്ച തുകയായ 18,640.62 കോടി കഴിച്ച് ബാക്കി തുകയായ 26,074.17 കോടി രൂപ ഇനിയും ആവശ്യമാണ്.

ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് 2028 ഡിസംബറോടുകൂടി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ജലജീവൻ മിഷൻ പദ്ധതികൾ പൂർണമായി പൂർത്തീകരിക്കുന്നതിന് നിലവിൽ എത്ര കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതം, നബാർഡ് വായ്പ, മറ്റ് സാമ്പത്തിക സ്രോതസ്സുകൾ എന്നിവയിലൂടെ പ്രസ്തുത തുക കണ്ടെത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

മറുപടി: കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിൽ സംയുക്തമായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ജൽ ജീവൻ മിഷൻ പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ നടപ്പിലാക്കുന്നതും കേരള വാട്ടർ അതോറിറ്റി നിർവഹണ ഏജൻസിയായി പ്രവർത്തിക്കുന്നതുമാണ്.

പദ്ധതിയിൽ ₹44,714.78 കോടി രൂപയുടെ പദ്ധതികൾക്ക് സർക്കാർ ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ, ₹39,452.48 കോടി രൂപയുടെ പദ്ധതികൾക്ക് സാങ്കേതികാനുമതി (Technical Sanction) നൽകുകയും ₹35,826.87 കോടിയുടെ പ്രവൃത്തികൾക്ക് വർക്ക് ഓർഡറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽ ലഭിച്ച കേന്ദ്ര സംസ്ഥാന വിഹിതങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം
2019-20	101.1	101.12
2020-21	3031	3031.17
2021-22	1353	1353.44
2022-23	2207	1616.28
2023-24	671.2	1207.15
2024-25	974.7	1451.94
2025-26	0	3000

2026-27	0	4000

ഇതുവരെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളായി ആകെ ₹18,643.59 കോടി രൂപ ലഭിക്കുകയും അതിൽ ₹18,640.62 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ജൽ ജീവൻ മിഷന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി നബാർഡിൽ നിന്ന് ആകെ ₹9,000 കോടി വായ്പയെടുക്കാൻ സർക്കാർ വാട്ടർ അതോറിറ്റിക്ക് അനുമതി നൽകിയതിനെത്തുടർന്ന്, 04.11.2025-ൽ ₹5,000 കോടിയും 26.03.2026-ൽ ബാക്കി ₹4,000 കോടിയും നബാർഡ് അനുവദിച്ചു. ഇതിൽനിന്ന് ഇതുവരെ ലഭിച്ച ₹7,000 കോടി പൂർണമായും സംസ്ഥാന വിഹിതമായി ചെലവഴിച്ചിട്ടുണ്ട്.

(സി) നബാർഡ് മുഖേന എടുത്ത ₹9,000 കോടി രൂപ വായ്പയുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള ഉത്തരവാദിത്തം സർക്കാരിനാണോ കേരള വാട്ടർ അതോറിറ്റിക്കാണോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി, പലിശ നിരക്ക്, തിരിച്ചടവ് ആരംഭിക്കുന്ന തീയതി, തിരിച്ചടവിനുള്ള സാമ്പത്തിക സ്രോതസ്സ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

മറുപടി: പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതികൾക്കുള്ള സംസ്ഥാനവിഹിതം വഹിക്കുന്നതിനായി സർക്കാർ നിർദ്ദേശാനുസരണം നബാർഡിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ് ബാധ്യത കേരള വാട്ടർ അതോറിറ്റിക്കാണ്. എന്നാൽ, KWA തിരിച്ചടവ് ബാധ്യതകൾ നിറവേറ്റുന്നതിൽ കുറവ് വന്നാൽ സർക്കാർ പലിശരഹിത ബ്രിഡ്ജ് വായ്പ നൽകുമെന്ന ഉറപ്പിന്മേലുള്ള പ്രസ്തുത വായ്പയുടെ കാലാവധി 2 വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ 20 വർഷവും പലിശനിരക്ക് 7.95% -ഉം ആണ്. ലോൺ തിരിച്ചടയ്ക്കുന്നത് ജെ.ജെ.എം പദ്ധതി വഴി വരുന്ന പുതിയ ഉപഭോക്താക്കളിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിൽ നിന്ന് പ്രവർത്തനച്ചെലവ് മാറ്റിവെച്ച ശേഷമുള്ള തുകയിൽ നിന്നാണ്.

(ഡി) ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടും ലെറ്റർ ഓഫ് അക്സപ്റ്റൻസ് അനുവദിക്കാത്തതുമൂലം പ്രവൃത്തികൾ വൈകുന്നതും, കരാർ തുക വർധിക്കുന്നതും, പൊതുജനങ്ങളുടെ കുടിവെള്ളലഭ്യത തടസ്സപ്പെടുന്നതും ഒഴിവാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദേശങ്ങൾ നൽകി പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: നാഷണൽ ജൽ ജീവൻ മിഷന്റെ (NJJM) നിർദ്ദേശപ്രകാരം 16.08.2024-നുശേഷം പ്രവൃത്തികൾ അവാർഡ് ചെയ്യുന്നത് നിരോധിച്ച സാഹചര്യത്തിൽ, അനുമതി തേടി NJJM-ന് കത്തുകൾ നൽകിയിട്ടുണ്ട്. വിഷയം ചീഫ് സെക്രട്ടറി അധ്യക്ഷനായ പത്താമത് SWSM അപെക്സ് കമ്മിറ്റി യോഗത്തിൽ

പരിഗണിക്കുകയും JJM 2.0 എക്സ്റ്റൻഷൻ ഉത്തരവ് ലഭിച്ചശേഷം തീരുമാനമെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന്, പതിനൊന്നാമത് SWSM അപെക്സ് കമ്മിറ്റി യോഗത്തിന്റെ തീരുമാനപ്രകാരം, പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നിക്ഷേപങ്ങൾ പാഴാകുന്നത് ഒഴിവാക്കുന്നതിനുമായി ശേഷിക്കുന്ന പ്രവൃത്തികൾ അവാർഡ് ചെയ്യുന്നതിന് പ്രത്യേക അനുമതി തേടി 16.09.2026-ലെ കത്ത് പ്രകാരം NJJM ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷ NJJM-ന്റെ പരിഗണനയിലാണ്. NJJM-ൽനിന്ന് അനുകൂല തീരുമാനം ലഭിച്ചശേഷം മാത്രമേ എൽ.ഒ.എ. അനുവദിക്കുന്നതിനും പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കാനാകൂ.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

വർക്ക്പാക്കേജുകളുടെ ജില്ലാതല പുരോഗതി

ക്രമ. നം.	ജില്ല	വർക്ക്പാക്കേജ്			
		ആകെ	പൂർത്തിയായത്	പുരോഗമിക്കുന്നവ	ടെണ്ടർ/അവാർഡ്ചെയ്യാനുള്ളത്
	ആകെ	**5546**	**3458**	**1490**	**598**
1	TVPM	907	719	140	48
2	KLM	414	260	77	77
3	PTA	324	192	73	59
4	KTM	331	178	119	34
5	ALP	206	127	51	28
6	IDK	277	131	86	60
7	EKM	487	359	78	50
8	TSR	756	524	177	55
9	PKD	478	282	104	92
10	MLPM	487	252	186	49
11	KKD	370	180	168	22
12	WYND	75	28	37	10
13	KNR	266	154	106	6
14	KSGD	168	72	88	8